LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ശ്രീ. ചെന്താമരാക്ഷന്റെ ചോദ്യത്തിന് മറുപടിയായി ബഹുമാനപ്പെട്ട മന്ത്രി അഷറഫ് എന്ന മണി ഇൻഡ്യയിൽ ഇല്ല എന്നുള്ള സ്റ്റേറ്റുമെന്റാണ് പറഞ്ഞത്. മന്ത്രിക്ക് ആരാണ് അയാൾ ഇൻഡ്യയിൽ ഇല്ല എന്നുള്ള റിപ്പോർട്ട് നൽകിയത്. അങ്ങനെയുള്ള ഒരു റിപ്പോർട്ട് കിട്ടിയിട്ടുണ്ടെങ്കിൽ ഇൻഡ്യയിൽ നിന്ന് പുറത്തുകടക്കാൻ എങ്ങനെ സാധിച്ചു. അതുസംബന്ധിച്ച് ഒരു അന്വേഷണം ഗവൺമെന്റ് നടത്തിയിട്ടുണ്ടോ; ഇൻഡ്യയിൽ ഇല്ലെന്നുള്ള മറുപടി നൽകിയ സാഹചര്യത്തിൽ ആ സ്റ്റേറ്റുമെന്റിന്റെ കോപ്പി നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കാൻ തയ്യാറുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഞാൻ പറയുന്ന മറുപടിയൊന്നും എന്റെ കൈയിൽ നിന്നുമെടുത്ത് സ്വന്തമായി പറയുന്നതല്ല. എനിക്ക് ഡിപ്പാർട്ടുമെന്റിൽ നിന്ന് കിട്ടിയിരിക്കുന്ന റിപ്പോർട്ടുകളാണ്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അവിടെപ്പോയി റെയിഡ് ചെയ്തപ്പോൾ അവർ ഇൻഡ്യയിലില്ല എന്നുള്ള റിപ്പോർട്ടാണ് അവർക്ക് ലഭിച്ചതായി എന്നെ അറിയിച്ചിട്ടുള്ളത്. ഡിപ്പാർട്ടുമെന്റിൽ നിന്നുമറിയിച്ച ഇൻഫർമേഷൻ pass on ചെയ്യുകയെന്നുള്ളതാണ്; ആ ഇൻഫർമേഷൻ pass on ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ നമുക്ക് മുന്നോട്ട് പോകാം. അങ്ങനെ വന്നാൽപ്പോലും നിയമത്തിൽ ചില പ്രൊവിഷൻസുണ്ട്. ആ പ്രൊവിഷൻ അനുസരിച്ച് ഒരു wanted criminal, ആ ആളിനെ നമുക്ക് absconding ആണെന്നു കണ്ടാൽ absconding ആയിട്ടുള്ള ആളെ പിടിക്കുന്നതിനുവേണ്ടിയുള്ള ചില പ്രൊവിഷൻസ് ഉണ്ട്. നിയമ വ്യവസ്ഥയ്ക്കനുസരിച്ചുള്ള പ്രോസസ് അനുസരിച്ചല്ലേ പോകാൻ കഴിയുകയുള്ളു. ആ പ്രൊസീഡുവർ അനുസരിച്ചേ ഗവൺമെന്റ് നീങ്ങും.

മി. സ്പീക്കർ : ചോദ്യം 292-ഉം 297-ഉം ക്ളബ് ചെയ്തിരിക്കുന്നു.

ചന്ദനം മാത്രം മതിയോ. ഇപ്പോൾതന്നെ 35 മിനിറ്റായി. ആരും സഹകരിക്കില്ല. ഈ ഒരെണ്ണം മാത്രമായി പറഞ്ഞുവെന്ന്, നാളെ പത്രങ്ങളിൽ വരും സ്പീക്കർ അതു ചെയ്തു എന്ന് പറയിക്കണമോ. No- No You must co-operate. ചോദ്യം പോയിന്റ്ഡ് ആയിട്ട് ചോദിക്കണം മറുപടിയും അതുപോലെ പറയണം. എല്ലാപേരുംകൂടി പ്രസംഗിച്ച് അവസാനം എന്നെ ദുർബലനാക്കുന്ന ഏർപ്പാട് ശരിയല്ല. That is not good.

അനധികൃതമായി സ്ഥാപിക്കുന്ന പൊതു ടാപ്പുകൾ

2 [*292] ശ്രീ. ചെർക്കളം അബ്ദുള്ള :

„ സി. മോയിൻ കുട്ടി :

„ സി. ടി. അഹമ്മദ് അലി :

„ സി. മമ്മൂട്ടി :

„ ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനധികൃതമായി സ്ഥാപിക്കുന്ന പൊതുടാപ്പുകൾ പഞ്ചായത്തിന്റെ അക്കൗണ്ടിൽപ്പെടുത്തി വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം ഈടാക്കുവാൻ നിലവിൽ വ്യവസ്ഥയുണ്ടോ ;

(ബി) എങ്കിൽ നിയമ വ്യവസ്ഥ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത നിയമ വ്യവസ്ഥ എന്നുമുതലാണ് പ്രാബല്യത്തിൽ വന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) അനധികൃതമായി സ്ഥാപിക്കുന്ന ടാപ്പുകൾ പഞ്ചായത്തിന്റെ കണക്കിൽപ്പെടുത്തി വെള്ളക്കരം ഈടാക്കാതെ അനധികൃത കണക്ഷൻ റദ്ദ് ചെയ്യുവാനും ദൂരപരിധി പാലിക്കുവാനും അതോറിറ്റിക്ക് നിർദ്ദേശം നൽകുമോ ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) അനധികൃതമായി പൊതുടാപ്പുകൾ സ്ഥാപിക്കപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കൂടാതെ പഞ്ചായത്തുകളുടെ നിർദ്ദേശപ്രകാരം സ്ഥാപിക്കപ്പെട്ടിട്ടുള്ള പൊതു ടാപ്പുകളുടെ കണക്ക് തിട്ടപ്പെടുത്തി അതിന്റെ അടിസ്ഥാനത്തിൽ മാത്രമേ വാട്ടർ അതോറിറ്റി വെള്ളക്കരം ഈടാക്കുന്നുള്ളൂ. അനധികൃത ടാപ്പുകളിൽ നിന്നും വെള്ളക്കരം ഈടാക്കുവാൻ നിലവിൽ വ്യവസ്ഥയില്ല.

(ബി & സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) അനധികൃതമായി സ്ഥാപിക്കപ്പെട്ട ടാപ്പുകൾ പഞ്ചായത്തിന്റെ കണക്കിൽപ്പെടുത്തി വെള്ളക്കരം ഈടാക്കുന്നില്ല. അനധികൃതമായി ടാപ്പുകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ടെന്ന് ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ അവ റദ്ദുചെയ്യുവാൻ വേണ്ട സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

കേരള വാട്ടർ അതോറിറ്റി പൊതു ടാപ്പുകൾ സ്ഥാപിക്കുന്നത് ബന്ധപ്പെട്ട പഞ്ചായത്തുകളുടെ അപേക്ഷ പ്രകാരമാണ്. പദ്ധതി പ്രദേശങ്ങളിലെ ജനസാന്ദ്രതയ്ക്കനുസരിച്ച് പൊതുജനങ്ങളുടെ ആവശ്യപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തീരുമാനമെടുത്ത് വാട്ടർ അതോറിറ്റിയെ അറിയിക്കുന്നതനുസരിച്ച് പഞ്ചായത്തുകൾ നിർദ്ദേശിക്കുന്ന സ്ഥലങ്ങളിലാണ് പൊതുടാപ്പുകൾ സ്ഥാപിക്കുന്നത്. ഇക്കാരണത്താൽ ചില സാഹചര്യങ്ങളിൽ ദൂരപരിധി പാലിക്കുവാൻ വാട്ടർ അതോറിറ്റിക്ക് സാധിക്കാറില്ല. എങ്കിലും ദൂരപരിധി പാലിക്കുവാൻ പരമാവധി ശ്രദ്ധിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly